# KERALA CO-OPERATIVE
# MILK MARKETING FEDERATION Ltd.

## വാഹനങ്ങൾ ആവശ്യമുണ്ട്

മിൽമ പുന്നപ്ര ഡയറിയിലേയ്ക്ക് ഓഫീസ് ആവശ്യത്തിന് ഓടുന്നതിനായി മാരുതി ഒമിനി വാനും പ്രോഡക്ട്സ് വിതരണത്തിനായി യഥാക്രമം 6, 3, 1 ടൺ കപ്പാസിറ്റിയുള്ള ട്രക്കുകളും കരാർ അടിസ്ഥാനത്തിൽ ഓടുന്നതിന് ക്വട്ടേഷൻ ക്ഷണിച്ചു കൊള്ളുന്നു.

താൽപ്പര്യമുള്ളവർ 2012 ഫെബ്രുവരി 18,_2.30 PM –ന് മുൻപായി നിർദ്ദിഷ്ട ഫോമിൽ ക്വട്ടേഷനുകൾ നൽകേണ്ടതാണ്. ക്വട്ടേഷനുകളോടൊപ്പം വണ്ടി ഒന്നിന് 1000 രൂപാ നിരതദ്രവ്യമായി അടച്ച് അതിന്റെ രസീതും വണ്ടി സംബന്ധമായ രേഖകളും (ആർ.സി. ബുക്ക്, ടാക്സ്രസീത്, ഇൻഷ്വറൻസ് എന്നിവയുടെ കോപ്പികൾ) ഉള്ളടക്കം ചെയ്തിരിക്കണം. ക്വട്ടേഷനുകൾ കാരണം വിശദമാക്കാതെ സ്വീകരിക്കുന്നതിനും നിരസിക്കുന്നതിനുമുള്ള അധികാരം സീനിയർ മാനേജരിൽ നിക്ഷിപ്തമാണ്. മേൽപ്രകാരം ലഭിക്കുന്ന ക്വട്ടേഷനുകൾ അന്നേ ദിവസം 3 മണിക്ക് തുറക്കുന്നതാണ്.

കൂടുതൽ വിവരങ്ങൾക്കായി ആലപ്പുഴ സെൻട്രൽ പ്രോഡക്സ് ഡയറിയിലെ മാർക്കറ്റിംഗ് വിഭാഗവുമായി ബന്ധപ്പെടേണ്ടതാണ്.

സീനിയർ മാനേജർ
സെൻട്രൽ പ്രോഡക്ട്സ് ഡയറി,
പുന്നപ്ര, ആലപ്പുഴ-4
ഫോൺ: 0477 2286560
0477 2287842

പുന്നപ്ര
01.02.2012

pdfMachine
A pdf writer that produces quality PDF files with ease!
Produce quality PDF files in seconds and preserve the integrity of your original documents. Compatible across nearly all Windows platforms, simply open the document you want to convert, click "print", select the "Broadgun pdfMachine printer" and that's it! Get yours now!

**ടാൻസ്പോർട്ട് ക്വട്ടേഷൻ സമർപ്പിക്കുന്നതിനുള്ള അപേക്ഷ**

1) ക്വട്ടേഷൻ സമർപ്പിക്കുന്ന ആളുടെ പേര് :

2) മേൽ വിലാസവും ഫോൺ നമ്പരും

3) EMD അടച്ച രസീത് നമ്പർ/തീയതി :

4) വാഹന ഉടമയുടെ പേര്. :

:

5) വാഹനത്തിൻെറ രജിസ്ട്രേഷൻ നമ്പർ :

:

6) ടാക്സി പെർമിറ്റ് നമ്പർ :

7) ഇൻഷുറൻസ് പോളിസി നമ്പർ

:

8) ക്വട്ടേഷൻ സമർപ്പിക്കുന്ന ആളും വാഹന ഉടമയും ഒരാളു തന്നെയാണോ : അതെ/അല്ല

9) അല്ലെങ്കിൽ വാഹന ഉടമയുടെ സമ്മത പത്രം ഇതോടൊപ്പം സമർപ്പിച്ചിട്ടുണ്ടോ : ഉണ്ട്/ ഇല്ല

(സമ്മത പത്രം ഇല്ലാതെയുള്ള അപേക്ഷ യാതൊരു കാരണവശാലും പരിഗണിക്കുന്നതല്ല.)

10) കിലോമീറ്റർ ഒന്നിനുള്ള നിരക്ക് :
(എല്ലാം ചെലവുകളും ഉൾപ്പടെ)

:

വിശ്വസ്തതയോടെ

ഒപ്പ് :

പേര് :

സ്ഥലം :

തീയതി :

**pdfMachine**
**A pdf writer that produces quality PDF files with ease!**
Produce quality PDF files in seconds and preserve the integrity of your original documents. Compatible across nearly all Windows platforms, simply open the document you want to convert, click “print”, select the “Broadgun pdfMachine printer” and that’s it! Get yours now!

CPD/MR/408/2012 01st February, 2012

# Quotation for Transportation of Products- Terms And Conditions

1 Vehicle shall be of registration on or after year 2002.
2 Application shall be submitted in the prescribed format along with copies of RC Book, Insurance, Tax Permit Etc
3 An EMD of Rs 1000/ shall be remitted and the receipt has to be enclosed along with application. Applications with out EMD will be rejected.
4 The successful bidder has to provide collateral security deposit of Rs.10000/ for 1 MT, Rs 25000/ for 3MT and Rs 40000/ for 6 MT capacity either by cash/ bank guarantee with in 15 days from the date of awarding the contract.
5 The payment will be made every 15 days by way of cheque after submitting the bills, drawn in your name.
6 Income Tax will be deducted at source as per Income Tax Act.
7 The rate quoted shall be the net rate (which may cover the total expenditure for running the vehicle, including the wages, allowance and other benefits given to the crew etc) and we are not liable to pay any amount over and above the agreed rate.
8 The increase/decrease in the High speed Diesel price will be taken care of; by which Rs.0.15 (fifteen paise only) will be increased/decreased per kilometer from the agreed rate for every One Rupee increase/decrease in the diesel price.

9 The various statutory provisions imposed by the Govt.from time to time will be made applicable to you.
10 The successful bidder has to execute an agreement in Rs. 100 stamp paper for the due fulfillment of the contract.

S/d

Senior Manager

pdfMachine
A pdf writer that produces quality PDF files with ease!
Produce quality PDF files in seconds and preserve the integrity of your original documents. Compatible across nearly all Windows platforms, simply open the document you want to convert, click "print", select the "Broadgun pdfMachine printer" and that's it! Get yours now!

## മാരുതി വാൻ വാടകയ്ക്ക് ഓടുന്നതിനുള്ള ക്വട്ടേഷൻ നമ്പർ CPD/AM(P&M) 132/CV Dt. 31.01.2012- ൻെറ വ്യവസ്ഥകൾ

1) വാഹനം മാരുതി ഇനത്തിൽപ്പെട്ടതും ടൂറിസ്റ്റ് ടാക്സി പെർമിറ്റ് ഉള്ളതും സഞ്ചാരയോഗ്യമായതും 2005 മോഡലോ അതിനുശേഷമോ ഉള്ള മോഡലായിരിക്കണം.

2) ഫാക്ടറിയിലെ ഉദ്യോഗസ്ഥരുടെ ഔദ്യോഗിക യാത്രകൾക്കും സ്റ്റേഷനറി സ്പെയർ പാർട്സുകൾ തുടങ്ങിയവ് വാങ്ങിക്കൊണ്ടു വരുന്നതിനും പാഴ്സൽ ആഫീസിൽനിന്നും ചെറിയ പാഴ്സലുകൾ എടുത്തുകൊണ്ടുവരുന്നതിനും വാഹനം ഉപയോഗിക്കുന്നതാണ്.

3) വാഹനങ്ങൾ നിയമപരമായി ആവശ്യമുള്ള ടാക്സുകൾ അടച്ചിരിക്കേണ്ടതും ആയതിൻെറ രേഖകൾ (ആർ.സി.ബുക്ക്, കോം പ്രിഹെൻസീവ് ഇൻഷുറൻസ് പോളിസി ഡോക്മെൻറ്). വാഹനത്തിൻെറ ടാക്സി പെർമിറ്റ് തുടങ്ങിയവയുടെ കോപ്പികൾ ക്വട്ടേഷനോടൊപ്പം അടക്കം ചെയതിരിക്കേണ്ടതാണ്. ടി രേഖകൾ ഇല്ലാതെ നൽകുന്ന ക്വട്ടേഷനുകൾ യാതൊരു കാരണവശാലും പരിഗണിക്കുന്നതല്ല.

4) വാഹനത്തോടൊപ്പം ഡ്രൈവറുടെ സേവനവും വാഹനത്തിൻെറ ഉടമസ്ഥൻ ലഭ്യമാക്കിയിരിക്കേണ്ടതാണ്. അപ്രകാരം നിയോഗിക്കുന്ന ഡ്രൈവർക്ക് നിയമാനുസ്രുത ഡൈവിംഗ് ലൈസൻസ് ഉണ്ടായിരിക്കേണ്ടതും അത് വാഹന ഉടമസ്ഥൻ ഉറപ്പാക്കിയിരിക്കേണ്ടതും ആവശ്യപ്പെടുമ്പോൾ ഹാജരാക്കിയിരിക്കേണ്ടതുമാണ്.

5) വാഹനം ഓടിക്കുന്നിന് നിയോഗിക്കുന്ന ഡ്രൈവറുടെ വേതനം, ബാറ്റാ, മറ്റിതര അലവൻസുകൾ ഉൾപ്പടെ എല്ലാ ചെലവുകളും കൂടാതെ ഇ.എസ്സ്.ഐ, പ്രോവിഡൻറ് ഫണ്ട് തുടങ്ങിയ നിയമപരമായ ബാദ്ധ്യതകളും ഉടമസ്ഥൻ വഹിച്ചിരിക്കേണ്ടതാണ്.

6) വാഹനത്തിന് കാലാകാലങ്ങളിൽ ഉണ്ടാകുന്ന എല്ലാവിധ റിപ്പയറിംഗ് ജോലികളും, മെയിൻറനൻസ് ജോലികളും സ്വന്തം ചെലവിലും ഉത്തരവാദിത്വത്തിലും ചെയ്യേണ്ടതാണ്.

7) ഏതെങ്കിലും കാരണവശാൽ രണ്ടോ അതിലധികമോ ദിവസം വാഹനം ലഭ്യമല്ലാതെ വന്നാൽ മറ്റൊരു വാഹനം ഇതേ നിരക്കിൽ ഏർപ്പാടാക്കുവാൻ വാഹന ഉടമസ്ഥൻ ബാധ്യസ്ഥനായിരിക്കും.

8) വാഹനം ഓടിക്കുന്നതിനാവശ്യമായ ഇന്ധനം (പെട്രോൾ/ഗ്യാസ്/ഓയിൽ തുടങ്ങിയവ വാഹന ഉടമസ്ഥൻ സ്വന്തം ചെലവിൽ വാങ്ങി ഉപയോഗിക്കേണ്ടതാണ്.

pdfMachine
A pdf writer that produces quality PDF files with ease!
Produce quality PDF files in seconds and preserve the integrity of your original documents. Compatible across nearly all Windows platforms, simply open the document you want to convert, click "print", select the "Broadgun pdfMachine printer" and that's it! Get yours now!

9) ഇപ്പോൾ നൽകുന്ന കരാർ, കരാർ തീയതി മുതൽ ഒരു വർഷത്തേക്കായിരിക്കും. കരാർ കാലയളവിൽ ഫാക്ടറിയിലെ എല്ലാ പ്രവർത്തി ദിവസങ്ങളിലും രാവിലെ 9 മണിമുതൽ വൈകുന്നേരം 5 മണിവരെ ഓട്ടത്തിനായി വാഹനവും ഡ്രൈവറും ഫാക്ടറിയിൽ ഉണ്ടായിരിക്കേണ്ടതാണ്. പ്രവർത്തി ദിവസങ്ങളിൽ ഫാക്ടറി ആവശ്യങ്ങൾക്കല്ലാതെ മറ്റാവശ്യങ്ങൾക്ക് വാഹനം ഉപയോഗിക്കുവാൻ പാടുള്ളതല്ല. ആവശ്യമുള്ളപക്ഷം അവധി ദിവസങ്ങളിലും വാഹനം ഓട്ടത്തിനായി ലഭ്യമാക്കേണ്ടാതാണ്. കൂടാതെ പ്രവർത്തി ദിവസങ്ങളിൽ മേൽക്കാണിച്ച സമയത്തിനു മുൻപും സമയത്തിനു ശേഷവും കമ്പനി ആവശ്യത്തിന് വാഹനം വേണ്ടിവരുന്ന പക്ഷം ആയത് ലഭ്യമാക്കേണ്ടതുമാണ്. കരാറുകാരന്റെ സേവനം തൃപ്തികരമല്ലെന്ന് കണ്ടാൽ കരാർ കാലയളവിനുള്ളിൽ ഏതു സമയത്തും കരാർ അവസാനിപ്പിക്കു ന്നതിനുള്ള അധികാരം സീനിയർ മാനേജർക്ക് ഉണ്ടായിരിക്കും.

10) കിലോമീറ്റർ ഒന്നിന് അംഗീകരിക്കുന്ന നിരക്കിൽ ഒരു മാസത്തിൽ ഓടുന്ന മൊത്തം കിലോമീറ്ററുകൾക്ക് ആനുപതികമായ തുക പ്രതിഫലമായി ഫാക്ട റിയുടെ ഓഫീസിൽനിന്നും നൽകുന്നതാണ്. ഏറ്റവും കുറഞ്ഞത് 1300 കിലോ മീറ്റർ ഓടുന്നതിനുള്ള തുക (ഓടിയാലും ഇല്ലെങ്കിലും) നൽകുന്നതായിരിക്കും.

11) ഒരുമാസത്തെ മൊത്തം ഓട്ടത്തിനുള്ള വാടക തുക (നിയമാനുസൃതമുള്ള നികുതികൾ കഴിച്ച്) അടുത്ത മാസം അഞ്ചാം തീയതിക്കകം ഓഫീസിൽ നിന്നും നൽകുന്നതാണ്. വാടക തുക കൈപ്പറ്റുന്നതിന് അതാത് മാസം ഓടിയ കിലോ മീറ്റർ രേഖപ്പെടുത്തി വൗച്ചർ വാഹനത്തിന്റെ ചുമതലയുള്ള ഉദ്യോഗസ്ഥന്റെ സാക്ഷ്യപത്രത്തോടോപ്പം എല്ലാമാസവും 5-ം തീയതിക്ക് മുൻപായി സമർപ്പിക്കേ ണ്ടതാണ്.

12) ഓരോ ദിവസത്തേയും ഓട്ടത്തിന്റെ വിശദ വിവരങ്ങൾ ഫാക്ടറി നൽകുന്ന ലോഗ് ബുക്കിൽ വാഹനത്തിന്റെ ഡ്രൈവർ രേഖപ്പെടുത്തി ഒപ്പു വയ്ക്കേണ്ടതും വാഹനത്തിന്റെ ചുമതലയുള്ള ഉദ്യോഗസ്ഥനെക്കൊണ്ട് ഒപ്പിടീക്കേണ്ടതുമാണ്. അപ്രകാരം ലോഗ് ബുക്കിൽ രേഖപ്പെടുത്തുന്ന കിലോ മീറ്ററുകൾ കണക്കാക്കിയായിരിക്കും മാസവസാനം വാടക നൽകുന്നത്.

13) മേൽ വ്യവസ്ഥകൾക്ക് വിധേയമായി വാഹനം ലഭ്യമാക്കി ഫാക്ടറി ആവശ്യങ്ങൾക്കായി ഓടുന്നതിന് കിലോമീറ്റർ ഒന്നിന് വാഹന ഉടമസ്ഥന് ലഭിക്കേണ്ട ഏറ്റവും കുറഞ്ഞ വാടക നിരക്കാണ് ക്വട്ടേഷനിൽ കാണിക്കേണ്ടത്. ക്വട്ടേഷനുകൾ ഇതോടൊപ്പമുള്ള ഫോറത്തിൽ പൂരിപ്പിച്ച് സമർപ്പിക്കേണ്ടതാണ്.

**pdfMachine**
**A pdf writer that produces quality PDF files with ease!**
Produce quality PDF files in seconds and preserve the integrity of your original documents. Compatible across nearly all Windows platforms, simply open the document you want to convert, click “print”, select the “Broadgun pdfMachine printer” and that’s it! Get yours now!

14) നിലവിൽ ആലപ്പുഴ ജില്ലയിലെ ഇന്ധന വില നിരക്കിൽ (പെട്രോൾ ലിറ്ററിന്, L.P.Gലിറ്ററിന്) നിന്നും ഇന്ധനവില വില കൂടുകയോ, കുറയുകയോ ചെയതാൽ 1 രൂപ വില വ്യത്യാസത്തിന് 8 പൈസ എന്ന് നിരക്കിൽ ആനുപാതികമായി ഇപ്പോൾ അംഗീകരിക്കപ്പെടുന്ന വാടക നിരക്കിൽ വ്യത്യാസം വരുത്തുന്നതാണ്. പെട്രോളും ഗ്യാസും ഉപയോഗിക്കാവുന്ന വാഹനമാണെങ്കിൽ, ഗ്യാസിൻെറ വില നിരക്കായിരിക്കും പരിഗണിക്കപ്പെടുക. അതു പോലെ ഒരു കലണ്ടർ മാസം ഇടയക്ക് ഇന്ധന വില നിരക്കിൽ വ്യത്യാസം വന്നാൽ, അതിനടുത്ത മാസം 1-ം തീയതി മുതലുള്ള ഓട്ടങ്ങൾക്കു മാത്രമേ വാടക നിരക്കിൽ ആനുപാതിക വ്യത്യാസം അനുവദിക്കുകയുള്ളു.

15) ക്വട്ടേഷനിൽ പങ്കെടുക്കുന്നതിന് നിരതദ്രവ്യമായി 1000/-രൂപ (രൂപ മാത്രം) ഈ ഓഫീസിൽ അടച്ച് അതിൻെറ രസീത് ക്വട്ടേഷനോടൊപ്പം അടക്കം ചെയ്യേണ്ടതാണ്. ടി രസീത് അടക്കം ചെയ്യാതെ ലഭിക്കുന്ന ക്വട്ടേഷനുകൾ യാതൊരു കാരണവശാലും പരിഗണിക്കുന്നതല്ല.

16) ക്വട്ടേഷൻ അംഗീകരിച്ച് ഉത്തരവു നൽകിയാൽ ഏഴു ദിവസത്തിനുള്ളിൽ 5,000/- രൂപ (അയ്യായിരം രൂപ മാത്രം) സെക്യൂരിറ്റി ഡെപ്പോസിറ്റായി ഈ ഓഫീസിൽ അടയ്ക്കേണ്ടതും 100/- രൂപ മുദ്രപത്രത്തിൽ കരാറെഴുതി ഒപ്പു വെയ്ക്കേണ്ടതുമാണ്. ഏതെങ്കിലും കാരണവശാൽ വാഹന ഉടമയ്ക്ക് സ്വന്തം പേരിലുള്ള വാഹനം നൽകുവാൻ സാധിക്കാത്തപക്ഷം (ക്വട്ടേഷൻ സ്ഥിരപ്പെടുത്തിയതിനുശേഷം) ടിയാൻ പകരം സംവിധാനം ഏർപ്പെടുത്തേണ്ടതാണ്. എന്നാൽ ഈ സംവിധാനം പരമാവധി ഒരു മാസത്തേക്ക് മാത്രമേ അനുവദിക്കുകയുള്ളു. കരാർ തീയതി മുതൽ ഒരു മാസത്തിനുള്ളിൽ സ്വന്തം വാഹനം ഓഫീസ് ഉപയോഗത്തിന് എത്തിച്ചിരിക്കേണ്ടതാണ്. ഏതെങ്കിലും കാരണവശാൽ കരാറുപിടിക്കുന്ന വ്യക്തിക്ക് ടി സമയത്തിനുള്ളിൽ സ്വന്തം പേരിലുള്ള വാഹനം എത്തിക്കാൻ സാധിച്ചില്ലെങ്കിൽ സെക്യൂരിറ്റി തുകയും അതുവരെയുള്ള വാടകയും ലഭിക്കില്ല എന്നു മാത്രമല്ല യാതൊരുവിധ അറിയിപ്പും കൂടാതെത്തന്നെ കരാർ അവസാനിപ്പിക്കുന്നതുമായിരിക്കും.

17) കവറിനുള്ളിലായി സീൽ ചെയ്ത് ക്വട്ടേഷനുകൾ 18.02.2012 ശനിയാഴ്ച ഉച്ചകഴിഞ്ഞ് 2.30 മണി വരെ സ്വീകരിക്കുന്നതും അന്നേ ദിവസം തന്നെ 3 മണിക്ക് തുറക്കുന്നതുമാണ്. ക്വട്ടേഷൻ നൽകുന്ന വ്യക്തിക്ക് ഈ സമയത്ത് ഹാജരാകാവുന്നതാണ്.

18) ഏത് ക്വട്ടേഷനും സ്വീകരിക്കുന്നതിനും നിരാകരിക്കുന്നതിനുമുള്ള അധികാരം സീനിയർ മാനേജരിൽ നിക്ഷിപ്തമായിരിക്കും.

**സീനിയർ** മാനേജർ.

pdfMachine
A pdf writer that produces quality PDF files with ease!
Produce quality PDF files in seconds and preserve the integrity of your original documents. Compatible across nearly all Windows platforms, simply open the document you want to convert, click “print”, select the “Broadgun pdfMachine printer” and that’s it! Get yours now!

pdfMachine
A pdf writer that produces quality PDF files with ease!
Produce quality PDF files in seconds and preserve the integrity of your original documents. Compatible across nearly all Windows platforms, simply open the document you want to convert, click "print", select the "Broadgun pdfMachine printer" and that's it! Get yours now!